KERALA STATE ELECTRICITY REGULATORY COMMISSION
KPFC Bhavanam, C.V. Raman Pillai Road, Vellayambalam, Thiruvananthapuram – 695 010
Phone (0471) 2735544, Fax: (0471) 2735599, Email: kserc@erckerala.org Website: erckerala.org

26.07.2012

**പത്രക്കുറിപ്പ്**

# വൈദ്യുതി നിരക്കുകൾ പരിഷ്കരിച്ചു

സംസ്ഥാനത്തെ എല്ലാവിഭാഗം ഉപഭോക്താക്കളുടേയും നിലവിലെ വൈദ്യുതി നിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ട് കേരളാ സ്റ്റേറ്റ് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവായി. പുതുക്കിയ നിരക്കിന് 2012 ജൂലൈ ഒന്നു മുതൽ പ്രാബല്യം ഉണ്ടാകും. ഇപ്രകാരം സമഗ്രമായ ഒരു നിരക്ക്പരിഷ്കരണം പത്തുവർഷങ്ങൾക്ക് ശേഷമാണ് ഉണ്ടാകുന്നത്. വൈദ്യുതി ബോർഡിൽ നിന്നും വൈദ്യുതി വാങ്ങി വിതരണം നടത്തുന്ന ചെറുകിട ലൈസൻസികളുടെ 'ബൾക്ക് സപ്ലൈ' നിരക്കും പുതുക്കി നിശ്ചയിച്ചു. സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കൾക്കും ഒരേ നിരക്ക് ആയിരിക്കണമെന്നതിനാൽ ചെറുകിട ലൈസൻസികളുടെ ഉപഭോക്താക്കൾക്കും പുതുക്കിയ നിരക്ക് ബാധകമായിരിക്കും.

സംസ്ഥാന വൈദ്യുതി ബോർഡ്, നിരക്ക് പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ നിരക്ക് വർദ്ധന. പെറ്റീഷനിൽ ബോർഡ് ആവശ്യപ്പെട്ട വർദ്ധനയുടെ വിശദാംശങ്ങൾക്ക് കമ്മീഷൻ വ്യാപകമായ പ്രചാരണം നൽകുകയും കമ്മീഷന്റെ സംസ്ഥാന ഉപദേശകസമിതിയോഗത്തിൽ അവ വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ വിവിധ നഗരങ്ങളിൽ വച്ച് പബ്ലിക് ഹിയറിംഗ് നടത്തുകയും പൊതു ജനങ്ങൾക്കും ഉപഭോക്താക്കൾക്കും നിർദ്ദേശങ്ങളും ശുപാർശകളും സമർപ്പിക്കാൻ അവസരം നൽകുകയും ചെയ്തു. അവരുടെ അഭിപ്രായങ്ങളും ശുപാർശകളും പബ്ലിക് ഹിയറിംഗ് വേള യിൽ ലഭിച്ച ആശയങ്ങളും പ്രതികരണങ്ങളും 2003ലെ വൈദ്യുതി നിയമം, ദേശീയ താരിഫ് നയം, ദേശീയ വൈദ്യുതി നയം തുടങ്ങിയവയുടെ വെളിച്ചത്തിലും വിലയിരുത്തിയതിനുശേഷ മാണ് കമ്മീഷൻ താരിഫ് പരിഷ്കരണം നടത്തിയിട്ടുള്ളത്.

ക്രോസ് സബ്സിഡി ക്രമേണ കുറയ്ക്കുക, ഉപഭോക്താക്കളുടെ ക്രയശേഷിക്കനുസൃത മായ നിരക്ക് നിശ്ചയിക്കുക, ഊർജ്ജസംരക്ഷണത്തിന് ഉത്തേജനം നൽകുക, കുറഞ്ഞ വൈദ്യു തിയിൽ പ്രവർത്തിക്കുന്ന ബൾബുകളും ഉപകരണങ്ങളും ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുക, സമയാധിഷ്ടിത നിരക്ക് വ്യാവസായിക ഗാർഹിക ഉപഭോക്താക്കൾക്ക് നിശ്ചയി ക്കുക, വൈദ്യുതിയുടെ ഉപയോഗക്ഷമതവർദ്ധിപ്പിക്കുന്ന രീതിയിലുള്ള ഉപയോഗത്തിന് വ്യവ സായസ്ഥാപനങ്ങൾക്ക് ആനുകൂല്യങ്ങൾ ഏർപ്പെടുത്തുക മുതലായ ആശയങ്ങൾ ഈ ഉത്തര വിൽ ഉൾക്കൊള്ളിക്കാൻ കമ്മീഷൻ ശ്രമിച്ചിട്ടുണ്ട്.

ഈ നിരക്ക് പരിഷ്കരണംമൂലം വൈദ്യുതി ബോർഡിന് ഒരു വർഷം 1676.84 കോടി രൂപ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബോർഡിന്റെ 2012-13 വർഷത്തെ റവന്യൂ കമ്മിയായ 1889 കോടി രൂപയുടെ കുറവ് നികത്തുവാൻ ഈ വർദ്ധന സഹായകമാകും. താരിഫ് വർദ്ധന സൃഷ്ടിക്കുന്ന ആഘാതം പരമാവധി ഒഴിവാക്കുന്നതിനു വേണ്ടി മുൻ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള റവന്യൂ കമ്മി കമ്മീഷൻ കണക്കിലെടുക്കുകയുണ്ടായില്ല. മൊത്തത്തിൽ ശരാശരി നിരക്കിൽവരുന്ന വർദ്ധനവ് 30.2 ശതമാനം മാത്രമാണ്. ഈ വർദ്ധനയ്ക്കു ശേഷവും ഒരു യൂണിറ്റ് വൈദ്യുതിയിൽ നിന്നും ബോർഡിനു ലഭിക്കുന്ന ശരാശരി വരുമാനം 4.41 രൂപമാത്രമാണ്. 2012-13ലെ കണക്കുപ്രകാരം വൈദ്യുതി വിലയും വിതരണച്ചിലവും ഉൾപ്പെടെ ഒരു യൂണിറ്റിന് 4.64 രൂപാ ബോർഡിന് ചിലവാകുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. അതായത്, ഏതാണ്ട് 95% ചെലവു മാത്രമേ നിരക്കുവർദ്ധന വഴി ഈടാക്കുവാൻ സാധിക്കുകയുള്ളു.

ഗാർഹിക ഉപഭോക്താക്കളിൽനിന്നും റിവിഷനു ശേഷവും യൂണിറ്റിന് ശരാശരി 2.80 രൂപ മാത്രമേ ബോർഡിന് വരുമാനമായി ലഭിക്കുന്നുള്ളു. അതായത് ശരാശരി ചെലവിന്റെ 60%. പ്രതിമാസം 500 യൂണിറ്റുവരെ ഉപയോഗിക്കുന്നവർക്ക് നിലവിലെ സ്ലാബ് ഘടനയിലും ബില്ലിംഗ് രീതിയിലും മാറ്റം വരുത്തിയിട്ടില്ല. വിവിധ സ്ലാബുകളിൽപെടുന്ന ഉപഭോക്താക്കൾ പരിഷ്കരിച്ച താരിഫ് അനുസരിച്ച് ഒരു യൂണിറ്റിന് നല്കേണ്ടിവരുന്ന ശരാശരി തുകയും ഒരു യൂണിറ്റിന്റെ ശരാശരി ചിലവിന്റെ ശതമാനവും ചുവടെ ചേർക്കുന്നു.

| | രൂപ | ശതമാനം |
|---|---|---|
| സ്ലാബ് (0-40) | 1.50/യൂണിറ്റ് | 32 |
| " (41 – 80) | 1.90/യൂണിറ്റ് | 41 |
| " (81-120) | 2.20/യൂണിറ്റ് | 47 |
| " (121-150) | 2.40/യൂണിറ്റ് | 52 |
| " (151-200) | 3.10/യൂണിറ്റ് | 67 |
| " (201 – 300) | 3.50/യൂണിറ്റ് | 75 |
| " (301 – 500) | 4.60/യൂണിറ്റ് | 100 |
| 500 ന് മുകളിൽ | 6.50/യൂണിറ്റ് | 140 |

നിയന്ത്രിതമായും ശ്രദ്ധയോടും കൂടി ഉപയോഗിക്കുന്ന ഗാർഹികോപഭോക്താക്കൾക്ക് നേരിയ വർദ്ധന മാത്രമേ ഉണ്ടാകുന്നുള്ളുവെന്ന് കാണാവുന്നതാണ്. പക്ഷെ, അനിയന്ത്രിതമായി വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ബിൽതുകയിൽ ഗണ്യമായ വർദ്ധനയുണ്ടാകും. സംസ്ഥാനത്ത് മൊത്തം 85 ലക്ഷം ഗാർഹിക ഉപഭോക്താക്കൾ ഉള്ളതിൽ 9.5 ലക്ഷം പേർ മാത്രമേ 200

യൂണിറ്റിന് മുകളിൽ പ്രതിമാസം ഉപയോഗിക്കുന്നുള്ളു. ഇതിൽ 500 യൂണിറ്റിന് മേൽ ഉപയോഗിക്കുന്നത് കേവലം 24000 ഉപഭോക്താക്കളാണ്. അതിനാൽ വലിയ ഭൂരിപക്ഷം ഉപഭോക്താക്കൾ നേരിടേണ്ട വർദ്ധന അവർക്ക് താങ്ങാനാവുന്നതോതിലേക്ക് പരിമിതപ്പെടുത്തുവാൻ കമ്മീഷൻ ശ്രദ്ധിച്ചിട്ടുണ്ട്. ഉയർന്ന സ്ലാബുകളിലെ വർദ്ധനവ് അമിതമായി വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് വിനിയോഗം കുറയ്ക്കാനുള്ള ഒരു പ്രേരണ കൂടിയാണ്.

ഉപഭോഗം അടിസ്ഥാനമാക്കി ഫിക്സഡ് ചാർജ് ഈടാക്കുനുള്ള ബോർഡിന്റെ നിർദ്ദേശം കമ്മീഷൻ അംഗീകരിച്ചില്ല. എന്നാൽ സിംഗിൾ ഫേസ് ഉപഭോക്താക്കൾക്ക് **പ്രതിമാസം 20 രൂപയും ത്രി ഫേസ് ഉള്ളവർക്ക് 60 രൂപയും ഈടാക്കാൻ കമ്മീഷൻ അനുമതി നൽകി. പ്രതിമാസം 40 യൂണിറ്റിന് താഴെ മാത്രം വൈദ്യുതി ഉപയോഗിക്കുന്നവരെ ഫിക്സഡ് ചാർജിൽ നിന്നും ഒഴിവാക്കും.**

ആദ്യമായി ഗാർഹിക മേഖലയിൽ ടൈം-ഓഫ്-ഡെ(റ്റി.ഒ.ഡി) താരിഫ് സംവിധാനം നടപ്പാക്കാൻ കമ്മീഷൻ തീരുമാനിച്ചു. 2013 ജാനുവരി മുതൽ പ്രതിമാസം 500 യൂണിറ്റിനു മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ തിരക്കുള്ള സമയത്ത് (വൈകുന്നേരം 6 മുതൽ രാത്രി 10 മണിവരെ) ഉപയോഗിക്കുന്ന വൈദ്യുതിക്ക് കൂടുതൽ നിരക്ക് നൽകേണ്ടി വരും. എന്നാൽ രാത്രി പത്തുമണിമുതൽ നിരക്ക് കുറഞ്ഞിരിക്കും.

കുറഞ്ഞ തോതിൽ വൈദുതി ഉപയോഗിക്കുന്ന എൽ.റ്റി IV വിഭാഗത്തിൽപ്പെടുന്ന വ്യാവസായിക ഉപഭോക്താക്കളുടെ കാര്യത്തിൽ വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിരുന്ന നിരക്ക് കമ്മീഷൻ കുറച്ചു. ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ് ലക്ഷ്യമാക്കി കണക്റ്റഡ് ലോഡ് 10 എച്ച്.പിയോ അതിൽ കുറവോ ഉള്ള സ്ഥാപനങ്ങളുടെ ഫിക്സഡ് ചാർജ്ജ് പ്രതിമാസം 60 രൂപയാക്കി നിശ്ചയിച്ചു. കണക്റ്റഡ് ലോഡ് 20 കിലോ വാട്ടിൽ കൂടുതൽ ഉള്ള വ്യാവസായിക ഉപഭോക്താക്കൾക്ക് 2013 ജനുവരി ഒന്നു മുതൽ ടി.ഒ.ഡി. താരിഫ് നിർബന്ധമാക്കുന്നതാണ്.

എൽ.ടി.(VII.എ) വിഭാഗത്തിൽ ഉൾപ്പെടുന്ന ഉയർന്ന നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന വാണിജ്യ ഉപഭോക്താക്കളുടെ കാര്യത്തിലും ചെറിയമാറ്റങ്ങൾ വരുത്തുകയുണ്ടായി. താഴ്ന്നതോതിൽ വൈദ്യുതി വിനിയോഗിക്കുന്നവർക്ക് നിരക്കു കുറയ്ക്കുകയും ഉയർന്ന തോതിലുള്ള വിനിയോഗത്തിനു ഉയർന്ന നിരക്ക് ഏർപ്പെടുത്തുകയും ആണ് കമ്മീഷൻ ചെയ്തിരിക്കുന്നത്.

എച്ച്.ടി. IV വിഭാഗത്തിൽ പെടുന്ന വാണിജ്യ ഉപഭോക്താക്കളിൽ പ്രതിമാസം 30,000 യൂണിറ്റിൽ കൂടുതൽ വിനിയോഗിക്കുന്നവരുടെ നിരക്കും വർദ്ധിപ്പിച്ചു. സ്റ്റാർ ഹോട്ടലുകൾ, വൻകിട ജൂവലറികൾ, വൻകിട ടെക്സ്റ്റൈൽ ഷോപ്പുകൾ, വൻകിട സ്വകാര്യ ആശുപത്രികൾ എന്നിവ ഈ വിഭാഗത്തിൽ പെടും. ഈ വിഭാഗത്തിൽ പെടുന്നവർ സെൻട്രൽ എയർ

കണ്ടീഷനിംഗ്, ഡിസ്‌പ്ലേ ലൈറ്റുകൾ, എന്നിവയ്ക്ക് വേണ്ടി വലിയ അളവിൽ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്.

ഹൈടെൻഷൻ (എച്ച്.ടി. III) വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് ബോർഡ് നിർദ്ദേശിച്ച നിരക്കിൽ ചാർജ്ജ് വർദ്ധനവ് കമ്മീഷൻ അംഗീകരിച്ചില്ല. തദ്ദേശ സ്ഥാപനങ്ങൾക്ക് തെരുവ് വിളക്കുകൾ ഉപയോഗിക്കുന്നതിനുള്ള നിരക്കിൽ ചെറിയ വർദ്ധനവ് വരുമെങ്കിലും സി.എഫ്.എൽ/എൽ.ഇ.ഡി. വിളക്കുകൾ ഉപയോഗിക്കുന്നതിനുള്ള നിരക്കിൽ പ്രോത്സാഹനമായി കുറവ് വരുത്തിയിട്ടുണ്ട്. എച്ച്.ടി., ഇ.എച്ച്.ടി. ഉപഭോക്താക്കൾക്ക് പവർ ഫാക്ടർ മെച്ചപ്പെടുത്തുവാനുള്ള ആനുകൂല്യം 1.5 ശതമാനത്തിൽ നിന്നും 2.5 ശതമാനമായി വർദ്ധിപ്പിച്ചു.

ചെറുകിട വൈദ്യുതി വിതരണ ഏജൻസികൾക്ക് അവരുടെ പ്രവർത്തന ലാഭവും, വരുമാനവും, കാര്യക്ഷമതയും കണക്കിലെടുത്ത് അതിനനുസൃതമായുള്ള വ്യത്യസ്ത ബൾക്ക് സപ്ലൈ നിരക്കുകൾ ആണ് ഏർപ്പെടുത്തിയിരിക്കുന്നത്. ബോർഡ് ആവശ്യപ്പെട്ടതസനുസരിച്ച്, ചില ഉപഭോക്താക്കളുടെ കാര്യത്തിൽ 'താരിഫ് കാറ്റഗറി' സംബന്ധമായ സംശയങ്ങളും തർക്കങ്ങളും ഉണ്ടായിരുന്നത് പരിഹരിച്ച് നിശ്ചിത കാറ്റഗറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടൂറിസത്തെ പ്രോത്സാഹിപ്പിക്കുവാനായി 'ഹോംസ്റ്റേ'യ്ക്ക് വാണിജ്യ ഉപഭോഗ നിരക്കിനു പകരം ഗാർഹിക ഉപഭോഗ നിരക്ക് ബാധകമാക്കിയിട്ടുണ്ട്.

ഇ.എച്ച്.റ്റി, എച്ച്.റ്റി എന്നീ വിഭാഗങ്ങളിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി സ്വന്തമായി പുറത്തുനിന്നും കൊണ്ടുവരാനുതകുന്ന പ്രസരണ ചാർജ്ജ്, വീലിംഗ് ചാർജ്ജ്, ക്രോസ് സബ്സിഡി എന്നിവ കമ്മീഷൻ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ നിരക്കുകളിൽ കാര്യമായ കുറവു വരുത്തിയിട്ടുമുണ്ട്. പുതുക്കിയ നിരക്ക് വൻകിട ഉപഭോക്താക്കൾക്ക് മറ്റ് സ്ഥലങ്ങളിൽ നിന്നും ഇഷ്ടാനുസരണം വൈദ്യുതി വാങ്ങുന്നതിനുള്ള ഒരു പ്രോത്സാഹനം കൂടി ആയിട്ടാണ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്. വീടുകളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനും ഉപയോഗിക്കാനും വില്ക്കുവാനുമുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുവാൻ കമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ വിശദ രൂപം വൈകാതെ പ്രഖ്യാപിക്കുന്നതുമാണ്.

ഒപ്പ്

**സെക്രട്ടറി**

**Existing, Proposed and Approved Tariff applicable to Retail Supply of Electricity**

**(New tariff applicable from 1-7-2012 till 31-3-2013)**

# A. LOW TENSION SUPPLY:

## 1. LT I (A) *(applicable to supply of energy for Domestic use)*

| Monthly Consumption slabs | Existing Charges | Proposed Tariff | | Approved Tariff |
|---|---|---|---|---|
| | Fixed Charges | | | Fixed Charges |
| | Nil | | | 1 Ph : Rs.20/ month |
| | | | | 3 Ph : Rs.60 /month |
| | Energy Charges (paise per unit) | Energy Charges (paise per unit) | Fixed Charges (Rs./month) | Energy Charges (paise per unit) |
| **0-40 units** | 115 | 150 | 5 | 150 |
| **41-80 units** | 190 | 250 | 15 | 240 |
| **81-120 units** | 240 | 300 | 30 | 290 |
| **121-150 units** | 300 | 380 | 40 | 360 |
| **151-200 units** | 365 | 480 | 50 | 480 |
| **201-300 units** | 430 | 550 | 60 | 600 |
| **301-500 units** | 530 | 670 | 80 | 750 |
| **Above 500 units** | 545 | 700 | 90 | 650 (all Units) |

Note: ***Fixed charges shall not be applicable for Single phase consumers having average consumption 40 units or below*** *for the previous six months*

## 2. LT I (B): *(applicable to libraries, reading rooms, political parties approved by EC of India etc.,)*

| Monthly Consumption Slabs | Existing Charges | Proposed Tariff | | Approved Tariff |
|---|---|---|---|---|
| | Fixed Charges | | | Fixed Charges |
| | Nil | | | 1 Ph : Rs.20/ month |
| | | | | 3 Ph : Rs.60 /month |
| | Energy Charges (paise per unit) | Energy Charges (paise per unit) | Fixed Charges (Rs./month) | Energy Charges (paise per unit) |
| **0-40** | 155 | 200 | 5 | 200 |
| **41-80** | 240 | 310 | 15 | 310 |
| **81-120** | 280 | 360 | 30 | 360 |
| **121-150** | 345 | 450 | 40 | 450 |
| **151-200** | 405 | 520 | 50 | 520 |
| **201-300** | 505 | 620 | 60 | 620 |
| **Above 300** | 630 | 750 | 80 | 750 |

3. **LT II Colonies** *(applicable to colonies of Universities, State/Central Depts, Railways etc.,)*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Fixed charge (Rs/ connection) | 1990.00 | 2400.00 | 2200.00 |
| Energy Charge (paise per unit) | 565 | 700 | 650 |

4. **LT III Temporary Supply** *(applicable for illumination, exhibition, festivals, fairs, meetings)*

| | Existing Tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Energy Charge | Rs 12 per unit | Rs 13.50 per unit | Rs 13.50 per unit |
| | | OR | |
| Daily Minimum Rs/kW or part thereof connected load | Rs 120/kW | Rs 130/kW | Rs 130/kW |

5. **LT IV Industrial** *(general purpose industrial loads, oil mills, saw mills, stone crushing, software services & data processing, dairy farms, tissue culture units, public water works, sewage pumping, power laundries, printing press, garment units etc.,)*

| | Existing tariff | Proposed | Approved |
|---|---|---|---|
| Fixed charge (Rs/ kW per month) | 45.00 | 60.00 | 60.00* |
| Energy Charge (paise per unit) | 325 | 425 | 425 |

**For Consumers having connected load of 10 HP or below fixed charge shall be Rs.60 per consumer per month.*

6. **LT V Agriculture** *:(applicable to poultry farms, agriculture including dewatering & lift irrigation, livestock farms etc.,)*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Fixed charge (Rs/ kW per month) | 6.00 | 8.00 | 6.00 |
| Energy Charge (paise per unit) | 65 | 150 | 150 |

7. **LT VI (A) Non-Domestic** : *(applicable to premises of religious worship, govt/aided educational institutions, government hospitals, private hospital registered under Charitable Societies Act etc.,)*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Fixed charge (Rs/ kW per month) | 40.00 | 50.00 | 50.00 |
| Energy Charge (paise per unit) | | | |
| Upto 500 units | 385 | 480 | 480 |
| Above 500 units | 520 | 550 | 550 |

8. **LT VI (B) Non-Domestic** *(offices of State/Central Govt, Corporations, Boards, KHRWS Paywards, Private hospitals, Guest houses of Government, offices ofFRIENDS, etc.)*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| **Fixed charge (Rs/ kW per month)** | 55.00 | 70.00 | 70.00 |
| **Energy Charge (paise per unit)** | | | |
| **Upto 500 units** | 450 | 550 | 550 |
| **Above 500 units** | 590 | 650 | 650 |

9. **LT VI (C) Non-Domestic** : *(applicable to offices under Income tax, central excise, customs, Airport Authority of India, Motor vehicle dept., offices of all tax/revenue collection depts.. of State/Central Govt., Banks, ATM counters etc., )*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| **Fixed charge (Rs/ kW per** | 170.00 | 180.00 | 180.00 |
| **Energy Charge (paise per unit)** | | | |
| **Upto 500 units** | 675 | 700 | 700 |
| **Above 500 units** | 840 | 850 | 850 |

10. **LT VI (D) Non-Domestic** : *(applicable to orphanages, oldage homes, polio homes, cancer/ palliative care centres, anganavadis, schools/hostels of mentally retarded, deaf,blind,PH etc.,)*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| **Fixed charge** | Nil | Nil | Nil |
| **Energy Charge (paise per unit)** | 85 | 150 | 150 |

11. **LT VII (A) Commercial** *(applicable to commercial premises, hotels, private hostels, showrooms, cold storages, freezing plants, self financing educational institutions, petrol bunks, cellular Mobile towers, offices of telecom companies, insurance companies, call centres, etc.,)*

| | Existing tariff | Proposed tariff | Approved Tariff |
|---|---|---|---|
| **Fixed charge (Rs/ kW per month)** | | | |
| **Single Phase** | 50.00 | 60.00 | 60.00 |
| **Three phase** | 100.00 | 120.00 | 120.00 |
| **Energy Charge (paise per unit)*** | | | |
| **Upto 100 units per month** | 545 | 600 | 545 |
| **Upto 200 units per month** | 605 | 660 | 605 |
| **Upto 300 units per month** | 675 | 740 | 675 |
| **Upto 500 units per month** | 730 | 800 | 730 |
| **above 500 units (all units)** | 805 | 850 | 850 |

* Corresponding Slab Charge applies to entire consumption

12. **LT VII (B) Commercial** : *(applicable to shops/bunks hotels, restaurants, telephone booth, photocopy services etc., having connected load not exceeding 1000W)*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Fixed charge (Rs/ kW per month) | 30.00 | 40.00 | 40.00 |
| Energy Charge (paise per unit) | | | |
| Upto 100 units | 330 | 400 | 400 |
| Above 100 units | 520 | 600 | 600 |

13. **LT VII (C) Commercial** : *(applicable to cinema theatres, circus etc., )*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Fixed charge (Rs/ kW per month) | 80.00 | 90.00 | 90.00 |
| Energy Charge (paise per unit) | | | |
| Upto 1000 units | 440 | 500 | 500 |
| Above 1000 units | 590 | 650 | 650 |

14. **LT VIII Temporary Extension** *(applicable to temporary extension from consumer premises)*

| Existing tariff | Proposed Tariff | Approved Tariff |
|---|---|---|
| Rs. 50/kW/day | Rs.65/kW/day | Rs.65/kW/day |

15. **LT IX Public Lighting**

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Fixed charge (Rs/ meter/month) | 12.00 | 30.00 | 30.00 |
| Energy Charge (paise per unit) | 90 | 275 | 275 |

## B. HIGH TENSION/EXTRA HIGH TENSION SUPPLY

16. **HT –I Industrial** *(applicable to printing press, plantations, granite crushing units, dairy farms, software development units, non-agricultural pumping, drinking water pumping of KWA etc.,)*

| | Existing tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Demand charge (Rs/ kVA per month) | 270.00 | 300.00 | 300.00 |
| Energy Charge (paise per unit) | | | |
| Normal tariff | 300 | 410 | 410 |
| Power intensive category (applicable to power intensive industries allotted power on or after 17-12-1996) | 350 | 410 | 410 |

**Distinction of power intensive removed*

17. **HT II Non industrial /Non Commercial** *(applicable to public offices of Central/State Govt, Educational institutions of Universities, Govt Depts, Govt. Hospitals etc.,)*

| | Existing Tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Demand charge (Rs/ kVA per month) | 300.00 | 350.00 | 350.00 |
| Energy Charge (paise per unit) | 300 | 410 | 410 |

18. **HT III Agriculture**: (applicable to all cultivations, dewatering, lift irrigation, poultry farms, livestock farms, piggery farms, etc., )

| | Existing Tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Demand charge (Rs/ kVA per month) | 165.00 | 200.00 | 165.00 |
| Energy Charge (paise per unit) | 130 | 230 | 180 |

19. **HT IV Commercial** (Applicable to Hotels, Private hospitals, airports, business houses, self financing educational institutions etc.,)

| Particulars | Existing Tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Demand charge (Rs/ kVA per month) | 350.00 | 400.00 | 400.00 |
| Energy Charge (paise per unit) | | | |
| upto 30,000 units (all units) | 370 | 550 | 550 |
| above 30,000 units (all units) | | | 650 |

20. **EHT 66kV / 110kV** (applicable to Extra High Tension consumers)

| Particulars | Existing Tariff | | Proposed Tariff | | Approved Tariff | |
|---|---|---|---|---|---|---|
| | 66kV | 110kV | 66kV | 110kV | 66kV | 110kV |
| Demand charge (Rs/ kVA per month) | 260.00 | 245.00 | 300.00 | 290.00 | 300.00 | 290.00 |
| Energy Charge (paise per unit) | | | | | | |
| Normal tariff | 290 | 290 | 400 | 400 | 400 | 400 |
| Power intensive category | 340 | 340 | 400 | 400 | 400 | 400 |

**Distinction of power intensive removed*

21. **EHT 220kV** (applicable to Extra High Tension consumers connected at 220kV, new category)

| Particulars | Proposed Tariff | Approved Tariff |
|---|---|---|
| Demand charge (Rs/kVA per month) | 275.00 | 275.00 |
| Energy Charge (paise per unit) | 400 | 400 |

22. **Railway Traction**

| Particulars | Existing Tariff | Proposed Tariff | Approved Tariff |
|---|---|---|---|
| Demand charge (Rs/ kVA per month) | 245.00 | 250.00 | 250.00 |
| Energy Charge (paise per unit) | 290 | 400 | 400 |